**<u>15 -ാം കേരള നിയമസഭ</u>**

**<u>1 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807</u>** **<u>10-06-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കൊല്ലം ജില്ലയിലെ ദേശീയ പാത വികസനം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | കൊല്ലം ജില്ലയിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ച് പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചതും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിയ്ക്കാമോ; പദ്ധതി നിർവ്വഹണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കൊല്ലം - തിരുമംഗലം ദേശീയപാതയിൽ (എൻ.എച്ച് 744) കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ നാലുവരിപ്പാതയാക്കുന്നതിനും, കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ആർ.ഒ.ബി-യും ഫ്ളൈ ഓവറും നിർമ്മിക്കുന്നതിനും സ.ഉ(സാധാ)നം.480/2020/ പൊ.മ.വ തീയതി 27/05/2020 പ്രകാരം 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് വരെയുള്ള നാലുവരിപ്പാതയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാമത്ത് Project Preparation Unit തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| (സി) | ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതി ലഭിയ്ക്കാനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയപാത 183 ൽ കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ (0/000) മുതൽ ആഞ്ഞിലിമൂട് (കി.മീ.62/100) വരെ Two Lane with paved shoulder ആക്കുന്നതിലേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 150.33 കോടി രൂപയുടെ എസ്റ്റിമേറ്റിനും ദേശീയപാത 183-എ–യിൽ ഭരണിക്കാവ് (0/000)മുതൽ മുണ്ടക്കയം വരെ (കി.മീ. 116/800) Two Lane with paved shoulder ആക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതി- ലേയ്ക്കായി 911.80 കോടി രൂപയുടെ എസ്റ്റിമേറ്റിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. |
| (ഡി) | എൻ.എച്ച് 744 കൊല്ലം-തിരുമംഗലം | (ഡി) | കൊല്ലം - തിരുമംഗലം ദേശീയപാതയിൽ (എൻ.എച്ച് |

| | | | |
|---|---|---|---|
| | ദേശീയപാതയുടെ ചിന്നക്കട-കുണ്ടറ ഭാഗത്തിന്റെ വീതി കൂട്ടുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | | 744) കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ നാലുവരിപ്പാതയാക്കുന്നതിനും, കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ആർ.ഒ.ബി-യും ഫ്ളൈ ഓവറും നിർമ്മിക്കുന്നതിനും സ.ഉ(സാധാ)നം.480/2020/ പൊ.മ.വ തീയതി 27/05/2020 പ്രകാരം 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് വരെയുള്ള നാലുവരിപ്പാതയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാമത്ത് Project Preparation Unit തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം. | പദ്ധതിയുടെ പേര് | കരാർ തുക (കോടിയിൽ) |
|---|---|---|
| 1 | ദേശീയപാത 744-ൽ കി.മീ. 20/000 മുതൽ കി.മീ. 45/000 വരെ ആന്വൽ പ്ലാൻ - 2019-20-ൽ ഉൾപ്പെട്ടുത്തി ഉപരിതലം ബലപ്പെട്ടുത്തൽ, ജ്യാമതീയ മെച്ചപ്പെട്ടുത്തൽ എന്നിവ ഉൾപ്പെട്ട പ്രവൃത്തികൾ (ഇ.പി.സി. മോഡ്) | 43.4175/- |
| 2 | ദേശീയപാത 183-ൽ ആന്വൽ പ്ലാൻ - 2019-20-ൽ ഉൾപ്പെട്ടുത്തി കി.മീ. 0/000 മുതൽ കി.മീ. 23/500 വരെ ഉപരിതലം ബലപ്പെട്ടുത്തൽ, ജ്യാമതീയ മെച്ചപ്പെട്ടുത്തൽ എന്നിവ ഉൾപ്പെട്ട പ്രവൃത്തികൾ (ഇ.പി.സി. മോഡ്) | 20.30/- |
| 3 | ദേശീയപാത 183-ൽ ആന്വൽ പ്ലാൻ - 2019-20-ൽ ഉൾപ്പെട്ടുത്തി കി.മീ 23/500 മുതൽ 53/500 വരെ (കി.മീ. 50/300 മുതൽ 52/800 വരെ ഒഴിവാക്കി) ഉപരിതലം ബലപ്പെട്ടുത്തൽ. ജ്യാമതീയ മെച്ചപ്പെട്ടുത്തൽ എന്നിവ ഉൾപ്പെട്ട പ്രവൃത്തികൾ (ഇ.പി.സി. മോഡ്) | 30.0546/- |